പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4378 28.06.2012-ലെ മറുപടിക്ക്

**കാസർഗോഡ് കരിവേടകം വില്ലേജിലെ മിച്ചഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിലെ കരിവേടകം വില്ലേജിൽ ആർ.എസ്. നമ്പർ 36/11-ൽ മിച്ചഭൂമിയായി എത്ര ഏക്കർ വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ കരിവേടകം വില്ലേജിൽ റി.സ.നം.36/1 പെട്ട 10.75 ഏക്കർ മിച്ചഭൂമി കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡിന്റെ 17/08/1982 ലെ റ്റി.എൽ.ബി.28/73 നമ്പർ പുതുക്കിയ ഉത്തരവ് പ്രകാരം ശ്രീ. അന്തുമാനിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) മിച്ചഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മേൽ സർവ്വേ നമ്പറിൽ 40 വർഷത്തോളമായി വീടുനിർമ്മിച്ച് താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 17.08.1982 ലെ റ്റി.എൽ.ബി-28/78 നമ്പർ ഉത്തരവ് പ്രകാരം കരിവേടകം വില്ലേജിലെ റി.സ.നം.36/1 ൽ ശ്രീ. അന്തുമാനിൽ നിന്നും ഏറ്റെടുത്ത സർക്കാരിൽ നിക്ഷിപ്തമായ 10.75 ഏക്കർ മിച്ചഭൂമിയിൽ മാത്രമാണ് പതിച്ചുകൊടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത മിച്ചഭൂമിയിൽ അനധികൃത കൈയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് സുതാര്യ കേരളത്തിലും നമ്പർ **10187/CMPGRC/SK/2012/GAD/14/5/12** കാസർഗോഡ് ജില്ലാ അധികാരികൾക്കും നൽകിയ പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) കേരള ഭൂപരിഷ്കരണ നിയമം പ്രകാരം അർഹതയുള്ളവർക്ക് മാത്രമാണ് മിച്ചഭൂമി പതിച്ചു നൽകുന്നത്. 14.05.2012 ലെ **10187/CMPGRC/SK/2012/GAD** നമ്പർ പരാതി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കാസർഗോഡ് തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായി കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ